തിരുമുല്പാട് ഫൗണ്ടേഷൻ ഡിസംബർ 2020 ലക്കം

# വൈദ്യസംവാദം



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# അഖിലേന്ത്യാ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടും കോവിഡ് പ്രവർത്തനങ്ങളും

**വൈദ്യൻ കാർത്തിക് കെ. പി.**
കൗമാരഭൃത്യം വിഭാഗം പി. ജി. വിദ്യാർഥി,
അഖിലേന്ത്യാ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട്,
ന്യൂ ഡെൽഹി.

ഏതൊരു വിജ്ഞാനസമ്പ്രദായത്തിന്റെയും സമൂഹത്തിലെ പ്രസക്തി പരിശോധിക്കപ്പെടുന്നത് പ്രതിസന്ധികളിലാണ്. ആയുർവേദത്തിന്റെ കാര്യവും മറിച്ചല്ല. ഭാരതത്തിലെ, വിശേഷിച്ച് കേരളത്തിലെ ജീവിതശൈലിയുടെ രൂപീകരണത്തിലും, ആരോഗ്യസംരക്ഷണത്തിലും, സമൂഹത്തെ പല കാലഘട്ടങ്ങളിലായി ബാധിച്ച രോഗങ്ങളായ ഡെങ്കു, ചികുൻഗുനിയ തുടങ്ങിയവയുടെ നിവാരണത്തിലും ആയുർവേദം നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. കോവിഡ് എന്ന രോഗത്തിന്റെ സ്വഭാവത്തെക്കുറിച്ചും അതിനുള്ള പ്രതിവിധിയെക്കുറിച്ചും എല്ലാ വൈദ്യസമ്പ്രദായങ്ങളും ഒരുപോലെ ഇരുട്ടിലാണ്. ഇവയെക്കുറിച്ച് പഠിക്കുന്നതിനായി ജൂലായ് വരെ ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള 203 ഗവേഷണങ്ങളിൽ 61 ശതമാനത്തോളം ആയുഷ് വകുപ്പിൽ പെട്ടവയാണ്. അതിൽ 58 എണ്ണം ആയുർവേദത്തിന്റേതാണ്. നൂറ്റാണ്ടുകളായി ഭാരതത്തിലെ പൊതുജനാരോഗ്യരംഗത്ത് നിർണ്ണായക പങ്ക് വഹിച്ച, ഇവിടുത്തെ ജീവിതരീതികളുമായി ഇത്രയ്ക്ക് സാജാത്യം കൈവരിച്ചിട്ടുള്ള ആയുർവേദത്തിന് കോവിഡ് ചികിത്സാനുമതി ലഭിക്കുന്നത് എന്തുകൊണ്ടോ വൈകി എന്നത് വിചിത്രമായ വസ്തുതയാണ്.

ഈ പ്രവണതയിൽ നിന്നും വ്യത്യസ്തമായി, കോവിഡിൽ ആയുർവേദത്തിന്റെ സാധ്യതകളെ പരിശോധിക്കുവാനും പരീക്ഷിക്കുവാനുമുള്ള അവസരം പ്രാരംഭഘട്ടം മുതൽക്കുതന്നെ ലഭിച്ച വളരെ ചുരുക്കം സ്ഥാപനങ്ങളിലൊന്നാണ് അഖിലേന്ത്യാ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട്. കേന്ദ്ര ആയുഷ് മന്ത്രാലയത്തിനു കീഴിൽ, ആയുർവേദത്തിന്റെ സിരാകേന്ദ്രമായി, ഇന്ത്യ ഒട്ടാകെയുള്ള ആയുർവേദ സ്ഥാപനങ്ങളുടെയും ആശയങ്ങളുടെയും ഏകോപനത്തെയും ഉന്നമനത്തെയും ലക്ഷ്യമാക്കി ആരംഭിച്ച ഈ സ്ഥാപനം 2017 ൽ ആണ് പ്രവർത്തനമാരംഭിച്ചത്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ആഗോളതലത്തിലുള്ള ആയുർവേദത്തിന്റെ പ്രതിച്ഛായയെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ള സ്ഥാപനങ്ങളിലൊന്നായി മാറുവാൻ AIIAയ്ക്ക് സാധിച്ചിട്ടുണ്ട്. കോവിഡുമായി ബന്ധപ്പെട്ട് ഇവിടെ അക്കാദമിക്, ചികിത്സാ, ഗവേഷണ മേഖലകളിലായുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

**അക്കാദമിക്**

കോവിഡ് എന്ന നവവ്യാധിയെക്കുറിച്ചുള്ള ലോകമെമ്പാടുമുള്ള വൈദ്യശ്രേഷ്ഠരുടെ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനായി മെയ് 5 നു "Integrated approach to combat COVID 2019 - Surviving the storm through the shelter of Ayurveda" എന്ന പേരിൽ വെബിനാർ സംഘടിപ്പിക്കപ്പെട്ടു. അമേരിക്ക, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ഇറ്റലി, അർജന്റീന, ജപ്പാൻ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ആയുർവേദ വിദഗ്ധർ പങ്കെടുത്തു. തദ്ഫലമായി കോവിഡിനെ സംബന്ധിച്ച പല ആശയങ്ങളും ഉരുത്തിരിഞ്ഞു വരികയുണ്ടായി. കോവിഡ് ഉഷ്ണ-രൂക്ഷ പ്രധാനമായ സമ്പ്രാപ്തിയാണെന്നും, അതിൽ പ്രാധാന്യേന കാണുന്ന ആഗന്തുദോഷം വാതവും സ്ഥാനിക ദോഷം കഫവുമാണെന്നും, ഉപദ്രവങ്ങൾ പ്രായേണ പിത്തപ്രധാനമാണെന്നും, ബാധിക്കപ്പെടുന്ന സ്രോതസുകൾ പ്രധാനമായും രസ-സ്വേദ-പ്രാണവഹങ്ങളാണെന്നും, അനുബന്ധമായി ദുഷിക്കുന്നവ രക്തവഹ-മാംസവഹ-മഹാസ്രോതസുകളാണെന്നും രോഗനിർദ്ധാരണത്തെ സംബന്ധിച്ച് വിദഗ്ധർ അഭിപ്രായ

പ്പെട്ടു. രോഗലക്ഷണങ്ങളിൽ ഏറ്റവും അപകടകരമായവ രക്തപിത്തസമാനമായവയാണെന്നതും, രോഗം ഉണ്ടാക്കുന്ന മാനസിക സംഘർഷം പ്രത്യേകം പരിഗണിക്കേണ്ടതാണെന്നതും ചർച്ചയിലെ പ്രധാന ആശയങ്ങളായിരുന്നു.

പ്രതിരോധ-ചികിത്സാസാധ്യതകളെ സംബന്ധിച്ച്, രോഗം വരാത്ത വിധം ശരീരബലം ആയുർവേദ ഔഷധങ്ങൾ കൊണ്ടും ജീവിതരീതികൾ കൊണ്ടും മികവുറ്റതാക്കണമെന്നതായിരുന്നു പ്രധാനമായ അഭിപ്രായം. രോഗം വന്നുപെട്ടവരിൽ സംയോജിപ്പിക്കേണ്ടത് പ്രാഥമികമായും ആമ-ജ്വര-ശ്വാസ ചികിത്സകളാണെന്നതായിരുന്നു കാഴ്ചപ്പാട്.

**ചികിത്സാ**

**കോവിഡ് ആരോഗ്യ കേന്ദ്രം**

ജൂൺ 18 ന് ആണ് AIIA യിൽ കോവിഡ് ചികിത്സ ആരംഭിക്കുന്നത്. ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള വിഭജനപ്രകാരം AIIA ഉൾപ്പെടുന്നത് COVID Health Centre AYhm CHC എന്ന വിഭാഗത്തിലാണ്. ഇവിടെ ചികിത്സിക്കുന്നത് ഈ വകുപ്പിനടിയിൽ വരുന്ന മൈൽഡ്, മോഡറേറ്റ് രോഗതീവ്രത ഉള്ള രോഗികളെ ആണ്. മൈൽഡ് എന്നാൽ പനി, തൊണ്ട വേദന, ചുമ, മൂക്കടപ്പ്, തലവേദന എന്നിവയോട് കൂടിയ ഊർധ്വശ്വാസകോശ അണുബാധയോടു കൂടിയ രോഗികൾ, മോഡറേറ്റ് എന്നാൽ മേല്പറഞ്ഞവയോടൊപ്പം മിനിറ്റിൽ 15 മുതൽ 30 വരെ ശ്വസന നിരക്കും, 90 മുതൽ 94 ശതമാനം വരെ SpO2 ഉം ഉള്ളവർ. രോഗനിർണയം സ്ഥാപനത്തിനുള്ളിൽ തന്നെ നടത്തുവാനുള്ള സംവിധാനമുണ്ട്. ജൂലൈ 31 മുതൽ കോവിഡ് രോഗനിർണയം, ചികിത്സ എന്നിവ സൗജന്യമാക്കുകയും ചെയ്തു.

CHC യിൽ, ഹോളിസ്റ്റിക് ചികിത്സയാണു നടത്തി വരുന്നത്. ആയുർവേദത്തിലും യോഗയിലും ആയുഷ് പ്രോട്ടോകോൾ പ്രകാരമുള്ള ചികിത്സകളും, രോഗത്തിന്റെ സമ്പ്രാപ്തി-ലക്ഷണ

ങ്ങളെ ആസ്പദമാക്കിയുള്ള ചികിത്സകളുമാണ് ചെയ്യുന്നത്. അതിനോടൊപ്പം രോഗികളുടെ ആഹാരവും ചര്യകളും മറ്റും സ്വസ്ഥവൃത്തം വിഭാഗത്തിന്റെയും ഡയറ്റീഷ്യന്റെയും മേൽനോട്ടത്തിലാണുള്ളത്. കോവിഡ് രോഗികൾ അനുഭവിക്കുന്ന മാനസിക പ്രശ്നങ്ങളുടെ തോതു കുറയ്ക്കുന്നതിനായി വിജ്ഞാന-വിനോദ പരിപാടികളും ദിവസേന നടത്തിവരുന്നുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകർ, മെഡിക്കൽ ഓഫീസർമാർ, വിദ്യാർഥികൾ, നേഴ്സിങ് ജീവനക്കാർ, അറ്റൻഡർമാർ, ക്ലീനിങ്, ഹൌസ് കീപ്പിങ് സ്റ്റാഫ്, മേയ്ന്റനൻസ്, സെക്യൂരിറ്റി എന്നിവർ അടങ്ങുന്ന സംഘമാണ് സെന്ററിൽ മുഴുവൻ സമയം പ്രവർത്തിക്കുന്നത്. അത്യാഹിത ഘട്ടങ്ങളിൽ സേവനത്തിനായി അലോപ്പതി ഡോക്ടറെയും നിയമിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തുടർച്ചയായുള്ള ശുദ്ധീകരണം, ധൂപനം, തുടങ്ങി രോഗസംക്രമണം തടയാനുള്ള പ്രത്യേക സജ്ജീകരണങ്ങൾ, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കോവിഡ് നിർദേശപ്രകാരമുള്ള സുരക്ഷിതമായ മാലിന്യനിർമാർജനസംവിധാനം, എന്നിവയിൽ പ്രത്യേകം ശ്രദ്ധ നൽകിയിട്ടുണ്ട്.

### കോവിഡുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങൾ

കോവിഡ് കാലഘട്ടത്തിൽ ഏറ്റവും അധികം മുൻനിരയിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പോലീസ്, ആരോഗ്യപ്രവർത്തകർ എന്നിവരിൽ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഏപ്രിൽ 30 മുതൽ 'ആയുർരക്ഷാ' എന്ന പേരിൽ ഡെൽഹിയിലെ 80000 പോലീസ് ജീവനക്കാർക്കിടയിലും AIIA യിലെ ജീവനക്കാർക്കിടയിലും ആയുഷ് ഇമ്മ്യൂണിറ്റി കിറ്റുകൾ വിതരണം ചെയ്തു. സംശമനീ വടി, അണുതൈലം നസ്യം, ഇന്ദുപ്പും മഞ്ഞളും ചേർത്ത ചൂടുവെള്ളം കൊണ്ടുള്ള ഗണ്ഡൂഷം, യോഗ, പ്രാണായാമം, എന്നിവ എട്ടാഴ്ചത്തേയ്ക്ക് ആണു നിർദേശിച്ചിട്ടുള്ളത്. ജൂൺ 15 ന് ആയുഷ് വിഭാഗവും കോവിഡുമായി ബന്ധപ്പെട്ട് പൊതുജന

ങ്ങൾക്കുള്ള സംശയങ്ങളുടെ നിവാരണത്തിനായി കോവിഡ് കോൾ സെന്റർ പ്രവർത്തനം തുടങ്ങി. ആഗസ്റ്റ് 18 ന് 'നിരാമയ' എന്ന പേരിൽ ഡെൽഹിയിലെ പോലീസ് സ്റ്റേഷനുകളെ കേന്ദ്രീക രിച്ച് പ്രത്യേക ഓ.പി. കൾ സജ്ജീകരിക്കപ്പെട്ടു. കോവിഡ് രോഗി കളിൽ വ്യാപകമായി കണ്ടു വരുന്ന അനുബന്ധഉപദ്രവങ്ങളുടെ പ്രത്യേക ചികിത്സയ്ക്കായി പോസ്റ്റ് കോവിഡ് പരിചരണ ഓ.പി ഡിസംബർ ഒന്നിന് ആരംഭിച്ചു.

**ഗവേഷണം**

കോവിഡുമായി ബന്ധപ്പെട്ട പത്തിലധികം ഗവേഷണങ്ങൾ AIIAയിൽ പല ഘട്ടങ്ങളിലായി നടക്കുന്നുണ്ട്. ഡെൽഹി പോലീസു മായി ചേർന്നുള്ള 'ആയുർ രക്ഷാ' പദ്ധതിയ്ക്കുപുറമേ നീം ക്യാപ് സൂൾ, വാശാ ഘനം, ഗുഡൂചി ഘനം, അശ്വഗന്ധ ഉൾപ്പടെയുള്ള ഔഷധങ്ങളെ ആസ്പദമാക്കിയുള്ള പഠനങ്ങളാണു നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. രോഗത്തിന്റെ കൃത്യമായ മനസ്സിലാക്ക ലിനും ചികിത്സ ആസൂത്രണം ചെയ്യുന്നതിനും നിരീക്ഷണപഠന ങ്ങൾ നിർണ്ണായകമാണെങ്കിലും, രോഗപ്രതിരോധത്തിനും ചികിത്സ യ്ക്കും യോജിച്ച ഔഷധം എന്നത് സമൂഹത്തിൽ നിലനിൽക്കുന്ന അടിയന്തിരമായ ആവശ്യമായതിനാൽ അവയെ കേന്ദ്രീകരിച്ചുള്ള പരീക്ഷണപ്രധാനമായ പഠനങ്ങളാണു നടക്കുന്നവയിൽ ഭൂരി ഭാഗവും.

ആയുർവേദത്തിന്റെ നാനാമേഖലകളെ സംബന്ധിക്കുന്ന വിഷയങ്ങളിൽ കാലോചിതമായ ഇടപെടലുകൾ നടത്തിയിട്ടുള്ള സ്ഥാപനമാണ് AIIA. കോവിഡിനെ സംബന്ധിച്ചുള്ള ചികിത്സ യിലും ഗവേഷണത്തിലും രാഷ്ട്രവ്യാപകമായി മാതൃകയാകാൻ ഈ സ്ഥാപനത്തിനു സാധിച്ചിട്ടുണ്ട്. ഇനിയുള്ള കാലങ്ങളിലും ആയുർ വേദത്തിന്റെ സിദ്ധാന്ത-പ്രയോഗ-ഗവേഷണതലങ്ങളിൽ ശുഭോദർ ക്കങ്ങളായ മാറ്റങ്ങൾ കൊണ്ടുവരാൻ AIIAയ്ക്ക് സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

■